# X റൂളിംഗ്

## റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന്റെ വാർഷിക റിപ്പോർട്ട് മേശപ്പുറത്ത് വച്ചതിലുള്ള കാലതാമസം സംബന്ധിച്ച്

മി. സ്പീക്കർ : റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന്റെ 1991-92-ലെ വാർഷിക റിപ്പോർട്ടു സഭ മുൻപാകെ വയ്ക്കുന്നതിൽ കാലതാമസം വരുത്തിയതിന്റെ കാരണം വിശദീകരിക്കുന്ന സ്റ്റേറ്റ്മെന്റിലുള്ള അപാകതയെപ്പറ്റി ശ്രീ. വർക്കല രാധാകൃഷ്ണൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇതു സഭയുടെ മുഴുവൻ അഭിപ്രായമായി ചെയർ കരുതുകയും ഈ വികാരം ചെയർ പൂർണ്ണമായി ഉൾക്കൊള്ളുകയും ചെയ്യുന്നു. മേശപ്പുറത്തു വയ്ക്കേണ്ട കടലാസ്സുകൾ വയ്ക്കുന്ന കാര്യത്തിൽ ലക്ഷ്യബോധമില്ലായ്മയും അശ്രദ്ധയും പ്രകടിപ്പിക്കുന്നത് ഒരു എക്സെപ്ഷൻ എന്നതിനേക്കാൾ ഒരു റൂൾ ആയപ്പോൾ അതിനൊരു കടിഞ്ഞാണിടുന്നതിനുവേണ്ടിയാണ് അവ താമസിക്കുന്ന സംഗതിയിൽ കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റ് കൂടി നൽകണമെന്ന് ചെയർ ഇതിനു മുൻപ് നിർദ്ദേശിച്ചത്. എന്നാൽ ചെയറിന്റെ റൂളിംഗ് ഒരു ഫോർമാലിറ്റിയാക്കി മാറ്റുകയു ഇത് ഒരു പെർഫംക്ടറിയാക്കി തീർക്കുകയും ചെയ്തിരിക്കുകയാണ്. അപ്പോഴാണ് സഭയ്ക്ക് ബോദ്ധ്യമാകത്തക്ക കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് നൽകണമെന്ന് കാണിച്ച് മാർച്ച് 3-ാം തീയതി വീണ്ടും ചെയർ റൂൾ ചെയ്തത്. അതനുസരിച്ചുള്ള നടപടി ക്രമങ്ങൾ ആവിഷ്ക്കരിക്കാമെന്ന് ബഹുമാനപ്പെട്ട സഭാ നേതാവ് (മുഖ്യമന്ത്രി) ഈ സഭയിൽ സമ്മതിക്കുകയും ചെയ്തു. റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന്റെ 1991-92-ലെ റിപ്പോർട്ട് മേശപ്പുറത്ത് വച്ചപ്പോൾ നൽകിയ കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റ് ഈ റൂളിംഗിനെയും ഒരു പ്രഹസനമാക്കിത്തീർത്തിരിക്കുകയാണ്.

ഇതിനെ ചെയർ ഗൗരവപൂർവ്വം വീക്ഷിക്കുന്നു. ഇതുവരെ സംഭവിച്ചതു പോലെ ചെയറിൽ നിന്ന് ഉണ്ടാകുന്ന റൂളിംഗുകളേയും നിർദ്ദേശങ്ങളേയും തോൽപ്പിക്കുവാൻ ഇടയാകുന്ന വിധത്തിലുള്ള നടപടികൾ ഇനിമേൽ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ പ്രവർത്തി ഗുരുതരമായ അവകാശലംഘനമായും സഭയോടുള്ള കടുത്ത അനാദരവും അവഹേളനവുമായും കണക്കാക്കി മേൽനടപടികൾ സ്വീകരിക്കുവാൻ ചെയർ ബാദ്ധ്യസ്ഥനായിത്തീരും എന്ന് പ്രസ്താവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ സ്റ്റേറ്റ്മെന്റിൽ ഒപ്പിട്ടിട്ടുള്ള ഉദ്യോഗസ്ഥന്റെ മേൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ചെയർ ആവശ്യപ്പെടുന്നതാണ്.

ഇനിമേൽ താമസത്തിനുള്ള കാരണങ്ങൾ കാണിക്കുന്ന സ്റ്റേറ്റ്മെന്റ് നൽകുമ്പോൾ താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശക തത്വങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

(1) സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുന്നതിനുള്ള ഉത്തരവാദിത്വം ഗവൺമെന്റിന് ആയതിനാൽ, ഗവൺമെന്റിന്റെ സ്റ്റേറ്റ്മെന്റായിരിക്കണം മേശപ്പുറത്ത് വയ്ക്കേണ്ടത്.

(2) സഭയ്ക്ക് ബോദ്ധ്യമാകുന്ന രീതിയിലുള്ള കാരണം സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തേണ്ടതാണ്.

(3) സഭയിൽ വയ്ക്കുവാനുള്ള സ്റ്റേറ്റ്മെന്റിൽ ബന്ധപ്പെട്ട വകുപ്പു മന്ത്രി തന്നെ ഒപ്പിടണം.

LIBRARY ARCHIVES Kerala Legislative Assembly

(4) മേശപ്പുറത്തു വച്ച സ്റ്റേറ്റ്മെൻറിൽ ബഹുമാനപ്പെട്ട മന്ത്രി ഒപ്പിട്ടിട്ടുണ്ടെന്ന് രേഖപ്പെടുത്തി ജോയിൻറ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് നൽകേണ്ട കോപ്പികളിൽ ഒപ്പിടേണ്ടതാണ്.

(5) സ്റ്റേറ്റ്മെൻറിൽ ആരുതന്നെ ഒപ്പിട്ടിരുന്നാലും അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട വകുപ്പ് മേധാവിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

.... .... ....

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1994 മാർച്ച് മാസം 18-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് ശേഷം 1.49-ന് പിരിഞ്ഞു )

LIBRARY ARCHIVES Kerala Legislative Assembly